# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായിൽ നിന്നും

**സർക്കുലർ നമ്പർ: 99**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളി കൈക്കാരും, സഭാ പ്രതിനിധിമണ്ഡലാംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

മാർത്തോമ്മാ സഭയുടെ കൗൺസിൽ 2023 മാർച്ച് 23–ാം തീയതി കൂടി എപ്പിസ്കോപ്പാ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി സഭാ പ്രതിനിധി മണ്ഡലം 2023 ആഗസ്റ്റ് മാസം 30, 31 (ബുധൻ, വ്യാഴം) എന്നീ ദിവസങ്ങളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ കൂടുന്നതിന് തീരുമാനിച്ചു. പ്രതിനിധി മണ്ഡലത്തിന്റെ നോട്ടീസ്, കാര്യപരിപാടി, നടപടിക്രമം എന്നിവ സഭാ സെക്രട്ടറി മണ്ഡലാംഗങ്ങളെ അറിയിക്കുന്നതാണ്. എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനായി എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് സഭാ കൗൺസിലിന് സമർപ്പിച്ച പേരുകൾ ചുവടെ ചേർക്കുന്നു.

1. ആർത്താറ്റ് കുന്നംകുളം മാർത്തോമ്മാ ഇടവകയിൽ ചെമ്മണ്ണൂർ
   ദിവ്യശ്രീ. സാജു സി. പാപ്പച്ചൻ കശ്ശീശാ.
2. കൊച്ചുകോയിക്കൽ ട്രിനിറ്റി മാർത്തോമ്മാ ഇടവകയിൽ കാരംവേലിമണ്ണിൽ
   ദിവ്യശ്രീ. ഡോ. ജോസഫ് ഡാനിയേൽ കശ്ശീശാ.
3. മല്ലപ്പള്ളി മാർത്തോമ്മാ ഇടവകയിൽ കിഴക്കേചെറുപാലത്തിൽ
   ദിവ്യശ്രീ. മാത്യു കെ. ചാണ്ടി കശ്ശീശാ.

എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പ് സഭയുടെ അതിഗൗരവമായ ഒരുചുമതലയും ഭയഭക്തിപൂർവ്വം ചെയ്യപ്പെടേണ്ടതും ആയ ഒരു ശുശ്രൂഷയാണല്ലോ. മണ്ഡലയോഗത്തിന്റെ അനുഗ്രഹകരമായ നടത്തിപ്പിനും ദൈവഹിതപ്രകാരം തക്ക ആളുകളെ തെരഞ്ഞെടുക്കുന്നതിനും ആവശ്യമായ ദൈവീക ദർശനവും, കൃപയും ചുമതലപ്പെട്ടവർക്ക് ലഭിക്കുന്നതിന് ഏവരും ആത്മാർത്ഥമായി പ്രാർത്ഥിക്കണം.

മേൽപ്പറഞ്ഞ സഭാ പ്രതിനിധി മണ്ഡലയോഗത്തിന്റെ ആദ്യദിവസം സഭാ ഭരണഘടന 27–ാം വകുപ്പിൻ പ്രകാരമുള്ള പ്രതിജ്ഞാവാചകം അദ്ധ്യക്ഷൻ ചൊല്ലിക്കൊടുക്കുന്നതാണ്. അപ്പോൾ മണ്ഡലാംഗങ്ങൾ എല്ലാവരും എഴുന്നേറ്റുനിന്ന് ഭയഭക്തിപൂർവ്വം പ്രതിജ്ഞാവാചകം ഏറ്റുചൊല്ലണം. പ്രതിജ്ഞാവാചകം ചൊല്ലിയശേഷം ഹാജരാകുന്ന യാതൊരംഗത്തിനും ഭരണഘടന 28–ാം വകുപ്പിൻ പ്രകാരം സഭാമണ്ഡലത്തിൽ പ്രവേശിക്കുന്നതിനോ തെരഞ്ഞെടുപ്പിൽ സമ്മതിദാനം രേഖപ്പെടുത്തുന്നതിനോ അവകാശം ഉണ്ടായിരിക്കുന്നതല്ല. അതിനാൽ മണ്ഡലാംഗങ്ങൾ 2023 ആഗസ്റ്റ് 30–ാം തീയതി 11 മണിക്ക് മുമ്പായി മണ്ഡലയോഗം നടക്കുന്ന ഹാളിൽ പ്രവേശിച്ചിരിക്കണം. അന്നേദിവസം വി. ജി. എം. ഹാളിൽ ക്രമീകരിച്ചിരിക്കുന്ന രജിസ്ട്രേഷൻ കൗണ്ടറുകളിൽ രാവിലെ 8 മണി മുതൽ 10:45 വരെ മണ്ഡലാംഗങ്ങൾ നേരത്തെ അയച്ചു തരുന്ന ഹാജർടിക്കറ്റ് കാണിച്ച് പ്രവേശന ടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. സന്ദർശകർക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. ഭരണഘടന 33–ാം വകുപ്പു പ്രകാരം നിശ്ചിത ശതമാനം വോട്ടുകൾ സ്ഥാനാർത്ഥികൾക്ക് ലഭിക്കാതിരുന്നാൽ ഭരണഘടന 34 വകുപ്പു പ്രകാരം, രണ്ടാംദിവസം (2023 ആഗസ്റ്റ് 31–ാം തീയതി, വ്യാഴാഴ്ച) ഒരു പ്രാവശ്യംകൂടി വോട്ടെടുപ്പ് നടത്തുന്നതാണ്. 31–ാം തീയതിയിലും മണ്ഡലം മീറ്റിംഗ് കൂടുന്ന പക്ഷം ആ യോഗത്തിലും സംബന്ധിക്കുന്നതിന് മണ്ഡലാംഗങ്ങൾ ഒരുങ്ങിപ്പോരണം. ഒന്നാം ദിവസം ഹാജരായി വോട്ടു ചെയ്തവർക്കു മാത്രമേ രണ്ടാം ദിവസം അതേ പ്രവേശന ടിക്കറ്റ് ഹാജരാക്കി വോട്ടു ചെയ്യുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളു. ഇതനുസരിച്ച് യാത്രാക്രമീകരണം നേരത്തെ ചെയ്യണം എന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

2023 ജൂൺ മാസം 26–ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 99**

*Blessings to you all the Vicars, Resident Clergy, Trustees, Prathinidhi Mandalam members and Members of all the Parishes under our authority.*

Beloved in Christ,

The Mar Thoma Sabha Council met on 23rd March 2023 and decided that the Sabha Prathinidhi Mandalam for Episcopal election shall convene on 30th and 31st of August 2023 (Wednesday, Thursday) at the Dr. Alexander Mar Thoma Valiya Metropolitan Smaraka Auditorium, Thiruvalla. The Notice, Agenda and Procedure of the Prathinidhi Mandalam will be communicated to the members by the Sabha Secretary. The names that the Episcopal Nomination Board submitted to the Sabha Council to be elected to the Episcopal office are as follows:

1. Rev. Saju C. Pappachen, Chemmannoor of Arthat Kunnamkulam Mar Thoma Church.
2. Rev. Dr. Joseph Daniel, Karamvelimannil of Kochukoickal Trinity Mar Thoma Church.
3. Rev. Mathew K. Chandy, Kizhakkecherupalathil of Mallappally Mar Thoma Church.

The Episcopal Election is a very serious responsibility and a service that should be carried out with reverence. All should earnestly pray for the divine vision and grace required for the blessed conduct of the Mandalam meetings and for electing the right people according to the will of God.

On the first day of the above-mentioned Prathinidhi Mandalam meeting, the President shall administer the oath, as per Clause 27 of the Sabha Constitution. All the Mandalam members shall stand and repeat the oath reverently. According to Clause 28 of the Constitution, any member who arrives after the oathtaking shall not have the right to enter the Mandalam, nor the right to cast his/her vote in the election. Therefore, all members must be present in the venue hall before 11 a.m. on 30th August 2023. On the same day, all Mandalam members must arrive between 8 a.m. and 10.45 a.m. at the registration counters arranged at the VGM Hall, present their Hajar ticket that will be sent in advance, and receive their Admission ticket. Visitors shall not be granted entry. In the event that the candidates do not secure the minimum votes according to Clause 33 of the Constitution, elections will be held once again on the second day (Thursday, 31st August 2023) according to Clause 34 of the Constitution. If the Mandalam meeting is held on 31st August as well, the Mandalam members should be prepared to participate in that meeting also. Only those members who have registered themselves and voted on the first day shall have the right to vote on the second day also by presenting the same Admission ticket. Accordingly, it is advised to make travel arrangements in advance.

Grace be with you all.

Dated 26 June 2023, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**